പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1258 — 20/01/2014 ൽ മറുപടിയ്ക്ക്

## പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ആർ. സെൽവരാജ്<br>ശ്രീ ഹൈബി ഈഡൻ<br>ശ്രീ എ.റ്റി.ജോർജ് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വില്ലേജുകളിൽ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 9 ജില്ലകളിൽ റീ-സർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) എന്ന പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് 15.09.2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഡിജിറ്റൽ ഒപ്പോടുകൂടിയ ഭൂരേഖ വിതരണം ചെയ്യുക എന്ന അടിസ്ഥാനലക്ഷ്യവുമായിട്ടാണ് ഈ പദ്ധതി ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. രജിസ്ട്രേഷൻ വകുപ്പ് വഴി നടത്തുന്ന ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട് ഓൺലൈൻ പോക്കുവരവ് സാധ്യമാക്കി അതുവഴി കോമൺ ലാന്റ് ഡാറ്റാബേസിന്റെ തത്സമയ നാളതീകരണം ഉറപ്പുവരുത്തുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാകുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ |

ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയോ, പോക്കുവരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകുന്നതുമില്ല. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു ഉദ്ദേശ്യലക്ഷ്യം

| | |
|---|---|
| (സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സമ്പ്രദായം മുഖേന ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും വില്ലേജ് റിക്കാർഡുകളുടെ കൃത്യത ഉറപ്പാക്കുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയോ പോക്കുവരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകാതെയും സൂക്ഷിക്കുവാൻ കഴിയുന്നു. |
| (ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വ്യക്തമാക്കാമോ? | (ഡി) റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളും, റവന്യൂ ഐ.റ്റി.സെൽ, എൻ.ഐ.സി, അക്ഷയ സെന്റർ എന്നീ ഏജൻസികളുമാണ് ഇതിനായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ